**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6525** **20-03-2023 - ൽ മറുപടിയ്ക്ക്**

**ഉൾനാടൻ മത്സ്യകൃഷി വർദ്ധിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ ഒ . ആർ. കേളു | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉൾനാടൻ മത്സ്യോല്പാദനം താരതമ്യേന കുറവാണെന്നതിനാൽ ഉൾനാടൻ മത്സ്യകൃഷി വ്യാപനത്തിനും നൂതന സാങ്കേതിക വിദ്യകളുടെ പ്രയോഗം വഴി ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. നടപ്പ് സാമ്പത്തിക വർഷം ഉൾനാടൻ മത്സ്യകൃഷി വികസനത്തിനായി സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി പദ്ധതിയിലുൾപ്പെടുത്തി 73.3973 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷിയിലൂടെ സംസ്ഥാനത്ത് 25 ഇനം കൃഷി രീതികൾ നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിലൂടെ 42752 മെട്രിക് ടൺ മത്സ്യം ഉൽപ്പാദിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. 2021-22 സാമ്പത്തിക വർഷം പ്രധാനമന്ത്രി മത്സ്യസമ്പദയോജന പദ്ധതിയിലുൾപ്പെടുത്തി 78.90 കോടി രൂപ അടങ്കൽ തുക വരുന്ന വിവിധ മത്സ്യകൃഷി രീതികളായ ബയോഫ്ളോക്ക്, റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ഓരുജല കൂടുകൃഷി, കുളങ്ങളിലെ ഓരുജല കൃഷി, പിന്നാമ്പുറങ്ങളിലെ അലങ്കാര മത്സ്യ റിയറിംഗ് യൂണിറ്റ്, ചെറുകിട അലങ്കാര മത്സ്യങ്ങളുടെ റിയറിംഗ് യൂണിറ്റ്, സംയോജിത അലങ്കാര മത്സ്യ റിയറിംഗ് യൂണിറ്റ് എന്നീ പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ അനുമതി പ്രകാരം നടപ്പിലാക്കി വരുന്നു.<br><br>2021-22 സാമ്പത്തിക വർഷം പ്രധാന മന്ത്രി മത്സ്യസമ്പദയോജന പദ്ധതിയിൽ ഉൾപ്പെടുത്തി 16 കോടി രൂപയുടെ റിസർവോയർ വികസന പദ്ധതി പ്രകാരം ബാണാസുരസാഗർ, കാരാപ്പുഴ, പെരുവണ്ണാമൂഴി, കക്കി എന്നീ റിസർവോയറുകളിലായി 100 കൂടുകൾ വീതം ആകെ 400 കൂടുകളിലായി ശുദ്ധജല കൂടുകൃഷി പദ്ധതി പൂർത്തീകരിച്ചു വരുന്നു. 2022-23 സാമ്പത്തിക വർഷം പ്രധാനമന്ത്രി മത്സ്യസമ്പദയോജന പദ്ധതിയിൽ ഉൾപ്പെടുത്തി 3524 കോടി രൂപ |

| | | | |
|---|---|---|---|
| | | | അടങ്കൽ തുക വരുന്ന വിവിധ മത്സ്യ കൃഷി രീതികൾ നടപ്പിലാക്കി വരുന്നു |
| (ബി) | സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി പരിപാടിയുടെ ഭാഗമായി കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ വിശദമാക്കുമോ; | (ബി) | സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി പരിപാടിയുടെ ഭാഗമായി കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.<br><br>• ഉൾനാടൻ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനായി ബയോ ഫ്ലോക്ക് അക്വാകൾച്ചർ സിസ്റ്റം, റീ- സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ഇന്റൻസീവ് അക്വാകൾച്ചർ എന്നീ നൂതന സാങ്കേതിക വിദ്യകൾ നടപ്പിലാക്കി.<br>• വിവിധ ഉൾനാടൻ മത്സ്യകൃഷി പദ്ധതികളിലൂടെ മത്സ്യോല്പാദനം 2.25 ലക്ഷം മെട്രിക് ടണ്ണായി ഉയർത്താൻ സാധിച്ചു.<br>• മത്സ്യകൃഷിയിലൂടെ 37520 മെട്രിക് ടൺ മത്സ്യം അധികമായി ഉല്പാദിപ്പിച്ചു.<br>• നൂതന കൃഷിരീതികളിലൂടെ ഉല്പാദന ക്ഷമത ഹെക്ടറിന് 1 ടൺ എന്ന പരമ്പരാഗത നിലയിൽ നിന്നും 2 സെന്റിൽ നിന്നും 1 ടൺ എന്ന നിലയിലേക്ക് ഉയർത്താൻ സാധിച്ചു. എയറേഷൻ, ജൈവ സുരക്ഷ, പ്രൊബയോട്ടിക്സ് എന്നിവ ഏർപ്പെടുത്തിയതിലൂടെ മത്സ്യ ഉല്പാദന ക്ഷമത വർദ്ധിച്ചു.<br>• ജനകീയ മത്സ്യകൃഷി - സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി നാളിതുവരെ പാടശേഖരങ്ങൾ ഉൾപ്പെടെ 24,530.14 ഹെക്ടർ വിസ്തൃതി യിൽ 69,662 ജലാശയങ്ങളിൽ മത്സ്യകൃഷിക്കായി മത്സ്യവിത്ത് സംഭരിച്ച് കൃഷി നടപ്പിലാക്കി വരുന്നു. നൂതന മത്സ്യകൃഷിയുടെ ഭാഗമായി 11,963 യൂണിറ്റുകളിൽ റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ബയോഫ്ലോക്ക്/ കൂടുകൃഷി എന്നിവ നടപ്പിലാക്കി.<br>• ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള 2814 കുളങ്ങളിൽ പൊതു പങ്കാളിത്തത്തിൽ മത്സ്യകൃഷി നടപ്പിലാക്കി.<br>• അഷ്ടമുടി/ വേമ്പനാട് കായലുകളിൽ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും അതുവഴി മത്സ്യോല്പാദനം കൂട്ടു ന്നതിനുമായി 343 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി.<br>• 60,000 കർഷകർക്ക് മത്സ്യ കൃഷിയിലൂടെ ജീവനോപാധി ലഭ്യമാക്കി. |

| | | | |
|---|---|---|---|
| (സി) | റിസർവോയറുകളിൽ മത്സ്യബന്ധനം നടത്തുന്ന പട്ടിക ഗോത്രങ്ങളിൽപ്പെട്ടവരുടെ താല്പര്യാർത്ഥം റിസർവോയറുകളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനും കൂടുകളിൽ മത്സ്യകൃഷി നടത്തുന്നതിനും പരിപാടിയുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (സി) | ഉണ്ട്. അണക്കെട്ടുകളിലും ജലസംഭരണികളിലും മത്സ്യ കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 2021-22 സാമ്പത്തിക വർഷം 150 ലക്ഷം അടങ്കൽ തുക വരുന്ന റിസർവോയർ ഫിഷറീസ് പദ്ധതിയിൽ ഉൾപ്പെടുത്തി റിസർവോയറുകളിൽ തദ്ദേശീയ വിഭാഗത്തിൽപ്പെട്ട മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് . 2022-23 സാമ്പത്തിക വർഷം റിസർവോയർ പദ്ധതിയുടെ ഭാഗമായി മണിയാർ, പമ്പ, പൊൻമുടി, മലങ്കര, ഇരട്ടയാർ, മീങ്കര, ആനയിറങ്കൽ, പോത്തുണ്ടി, കാഞ്ഞിരപ്പുഴ, ചുള്ളിയാർ, വാളയാർ, പഴശ്ശി, പെരിങ്ങൽകുത്ത്, ഷോളയാർ (Lower) എന്നിവിടങ്ങളിലായി 83,23,250 മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 200 ലക്ഷം രൂപയുടെ പദ്ധതി പൂർത്തീകരിച്ചു വരുന്നു.<br><br>പദ്ധതി നടപ്പിലാകുന്നതോടെ ജലസംഭരണികളെ ആശ്രയിച്ച് ജീവിക്കുന്നവർക്ക് സുസ്ഥിര വരുമാനം ഉറപ്പാക്കുവാൻ കഴിയുന്നതാണ്. 2020-21 സാമ്പത്തിക വർഷം പ്രധാന മന്ത്രി മത്സ്യസമ്പദയോജന പദ്ധതിയിൽ ഉൾപ്പെടുത്തി അഡാക്ക് മുഖേന ബാണാസുരസാഗർ, കാരാപ്പുഴ, പെരുവണ്ണാമൂ ഴി, കക്കി റിസർവോയറുകളിൽ 16 കോടി രൂപയുടെയും റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി "ഫിഷ് പ്രൊഡക്ഷൻ ഇൻ കേജസ് ത്രൂ പാർട്ടിസിപ്പേറ്ററി അപ്പ്രോച്ച് വിത്ത് ബെനിഫിഷ്യറീസ് ഓഫ് ഷെഡ്യൂൾഡ് ട്രൈബ് ഇൻ ബാണാസുര സാഗർ റിസർവോയർ, വയനാട്" എന്ന പദ്ധതിക്ക് 3.2 കോടി രൂപയുടെയും ഉൾപ്പെടെ ആകെ 490 കൂടുകളിലെ മത്സ്യകൃഷി പൂർത്തികരിച്ചു വരുന്നു. 2021-22 സാമ്പത്തിക വർഷം പ്രധാനമന്ത്രി മത്സ്യസമ്പദയോജന പദ്ധതിയിൽ ഉൾപ്പെടുത്തി അഡാക്ക് മുഖേന 10.8180 കോടി രൂപയുടെ റിസർവോയർ വികസന പദ്ധതി പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ